"ഭരണഭാഷ-മാതൃഭാഷ"

No.DWCD/6064/2024-ICDSA4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 01-11-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- -ഡയറക്ടറേറ്റ്- വകുപ്പിലെ ജീവനക്കാർക്ക് ആധാർ എൻറോൾമെന്റ് പരിശീലനം നൽകുന്നതിനു ബ്ലോക്ക് (ICDS), ജില്ലാ തല ലിസ്റ്റുകൾ ആവശ്യപ്പെടുന്നത് സംബന്ധിച്ച്:-

സൂചന:- വനിത ശിശു വികസന ഡയറക്ടറുടെ 30/10/2024 തീയതിയിലെ മേൽ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വകുപ്പിന് കീഴിലുള്ള ICDS പ്രോജക്ടുകളെ ആധാർ എൻറോൾമെന്റ് കേന്ദ്രങ്ങളാക്കി പ്രവർത്തിപ്പിക്കുന്നതിന് ബ്ലോക്ക്-ജില്ല- സംസ്ഥാന തലങ്ങളിൽ ജീവനക്കാർക്ക് ആധാർ എൻറോൾമെന്റ് പരിശീലനം നൽകേണ്ടതായിട്ടുണ്ട്. ബ്ലോക്ക് തലത്തിൽ സൂചന (1) പ്രകാരം ഓരോ ICDS പ്രോജക്ടുകളിൽ നിന്നും 2 ജീവനക്കാരെ കൂടാതെ ഓഫീസ് മേധാവിയായ ശിശു വികസന പദ്ധതി ഓഫീസർമാരുടെ വിശദാംശങ്ങൾ കൂടി പ്രൊഫോർമയിൽ (പ്രൊഫോർമ-1) ഉൾപ്പെടുത്തി നൽകേണ്ടതാണ്. ബ്ലോക്ക്തലത്തിൽ (ഐ.സി.ഡി.എസ്) ലഭ്യമാകുന്ന ലിസ്റ്റുകൾ പ്രോഗ്രാം ആഫീസർമാർ **പ്രൊഫോർമ-1 ൽ** ക്രോഡീകരിച്ചും പ്രോഗ്രാം ആഫീസിൽ നിന്നുമുള്ള ജില്ലാതല ലിസ്റ്റുകൾ **പ്രൊഫോർമ-2 ലും** രേഖപ്പെടുത്തി icdsasection@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ 05/11/2024 2 മണിക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

<u>A. ബ്ലോക്ക് തലം</u> (ഒരു പ്രോജക്ടിൽ നിന്നും 3 ജീവനക്കാർ വീതം)

(1) ശിശു വികസന പദ്ധതി ഓഫീസർ.
(2) ക്ലർക്ക്/ സീനിയർ ക്ലാർക്ക്/ ഹെഡ് അക്കൗണ്ടന്റ്/ ജൂനിയർ സൂപ്രണ്ട് (ഇവരിൽ ഒരാൾ)
(3) സൂപ്പർവൈസർമാരിൽ ഒരാൾ

<u>B .ജില്ലാ തലം</u> (ഒരു ജില്ലയിൽ നിന്നും 3 ജീവനക്കാർ വീതം)

(1) പ്രോഗ്രാം ആഫീസർ
(2) സീനിയർസൂപ്രണ്ട് / ജൂനിയർസൂപ്രണ്ട്.
(3) ആധാർ എൻറോൾമെന്റ് പ്രവർത്തനങ്ങൾ ജില്ല അടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ള ഒരു ജീവനക്കാരൻ / ജീവനക്കാരി .(ബ്ലോക്ക് / ജില്ലാ തലത്തിലെ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥനെയും പരിഗണിക്കാവുന്നതാണ് )

<u>C.സംസ്ഥാന തലം</u>

(1) ജോയിന്റ് ഡയറക്ടർ
(2) അസിസ്റ്റന്റ് ഡയറക്ടർ
(3) സ്റ്റേറ്റ് പ്രോഗ്രാം ആഫീസർ

(4) സീനിയർ സൂപ്രണ്ട്

(5) ജൂനിയർ സൂപ്രണ്ട്

(6) ഐ.സി.ഡി.എസ് - സെക്ഷൻ, ഐ.റ്റി സെൽ നിന്നുമുള്ള മറ്റ് ജീവനക്കാർ.

**പ്രൊഫോർമ-1 ബ്ലോക്ക് തലം ( ഐ.സി.ഡി.എസ്)**

| ക്രമ നം. | പ്രോജക്റ്റ് | പേര് | തസ്തിക | പെൻ നം. | ആധാർ നം. | ഔദ്യോഗിക മേൽവിലാസം | മൊബൈൽ നം. | ജീവനക്കാരുടെ ഇ-മെയിൽ ഐ.ഡി |
|---|---|---|---|---|---|---|---|---|
| | | | | | | | | |

**പ്രൊഫോർമ-2 ജില്ലാ തലം**

| ക്രമ നം. | ജില്ലയുടെ പേര് | തസ്തിക | പെൻ നം. | ആധാർ നം. | ഔദ്യോഗിക മേൽവിലാസം | മൊബൈൽ നം. | ജീവനക്കാരുടെ ഇ-മെയിൽ ഐ.ഡി |
|---|---|---|---|---|---|---|---|
| | | | | | | | |

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി